പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1807 10.02.2020-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ നിയമനം

ചോദ്യം

ശ്രീ.സി.മമ്മൂട്ടി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

<table>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി.യിൽ മേലിൽ ഒരു കാരണവശാലും ഒരു തസ്തികയിലും പി.എസ്.സി.യിൽ നിന്നല്ലാതെ നിയമനം പാടില്ലെന്ന ഹൈക്കോടതി നിർദ്ദേശം അംഗീകരിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിർദ്ദേശം എന്നാണ് ലഭ്യമായത്; വ്യക്തമാക്കുമോ;</td><td rowspan="2">(എ) യും (ബി) യും</td><td rowspan="2">കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. യിൽ നിന്നല്ലാതെ നിയമനം പാടില്ല എന്ന ഹൈക്കോടതി നിർദ്ദേശം ലഭിച്ചിട്ടില്ല. എന്നാൽ WA2248/18 ലും സമാന കേസുകളിലുമായി ബഹു:കോടതി ഡിവിഷൻ ബെഞ്ച് 21.12.2018-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കെ.പി.എസ്.സി.യുമായി ആലോചിച്ച മാത്രമേ കെ.എസ്.ആർ.ടി. സി.യിൽ നിയമനം നടത്താവൂ എന്ന പൊതുനിയമം ഉദ്ധരിക്കുക മാത്രമാണ് ഉണ്ടായത്. Kerala PSC (Addl. Functions as respect the Kerala RTC) Act 1970 (Act 3 of 1970) 09.02.1970-ൽ നിലവിൽ വന്നിട്ടുള്ളതും ആയതിൽ മേൽ വ്യവസ്ഥ ഉള്ളതുമാണ്.<br><br>കാലഹരണപ്പെട്ട പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കെ.എസ്.ആർ.ടി ഡ്രൈവർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികൾ നൽകിയ കേസിൽ എംപാനൽ ജീവനക്കാരുടെ സേവനം നിർത്തലാക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാരിന് ഇത്തരമൊരു നിർദ്ദേശം കെ.എസ്.ആർ.ടി.സി. യുടെ കാര്യത്തിൽ മാത്രം കോടതിയിൽ നിന്ന് ലഭ്യമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ;</td></tr>
</table>

| | | | |
|---|---|---|---|
| (സി) | ഇതിനെതിരെ അപ്പീൽ നൽകുന്നതിന് സർക്കാരിന് ആലോചനയുള്ളതായ റിപ്പോർട്ടുകൾക്ക് അടിസ്ഥാനമുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (സി) | ടി ഹൈക്കോടതി ഉത്തരവ് ബഹു.സുപ്രീം കോടതി പരിശോധിച്ച് SLP തീർപ്പാക്കിയിട്ടുള്ളതാണ്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യിലേക്ക് വരുമാനം എത്തിക്കുന്ന ഏണിംഗ് ജീവനക്കാരുടെ കാര്യത്തിൽ മാത്രം ഈ സർക്കാർ കോടതി നിർദ്ദേശം പെട്ടെന്ന് പാലിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിപെട്ടിട്ടില്ല. |
| (ഇ) | ഇതര വിഭാഗങ്ങളിലുൾപ്പെടെയുള്ളവരുടെ നിയമന കാര്യത്തിൽ നിലവിലെ കോടതി നിർദ്ദേശം എപ്രകാരം പാലിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ഇ) | ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WA 2248/2018 നമ്പർ കേസിലെ 21.12.2018-ലെ വിധിന്യായത്തിൽ പി.എസ്.സി.യുമായി ആലോചിച്ച മാത്രമേ കെ.എസ്.ആർ.ടി.സി.യിൽ നിയമനം നടത്താവൂ എന്ന് നിരീക്ഷിച്ചിട്ടുള്ളതിനാൽ ഭാവിയിൽ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകൾ പി.എസ്.സി.യുമായി ആലോചിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**